"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്- മെഡിക്കൽ വിദ്യാഭ്യാസം- ജീവനക്കാര്യം- ഡയറക്ടർ തസ്തികയിലേക്കുള്ള നിയമനം- സ്ക്രീനിംഗ് കമ്മിറ്റി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ആരോഗ്യ കുടുംബക്ഷേമ (എസ്) വകുപ്പ്**

സ.ഉ.(കൈ) നം.110/2025/H&FWD തീയതി,തിരുവനന്തപുരം, 08-04-2025

---

പരാമർശം:- 1. 07.04.2008- ലെ സ ഉ (കൈ )100/2008/ആ കു വ

2. 29/02/2023 ലെ സ.ഉ.(അച്ചടി) നം.2/2023/ഉ.ഭ.പ.വ.

**ഉത്തരവ്**

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ വകുപ്പ് മേധാവി ഉൾപ്പടെയുള്ള തസ്തികകളിലേക്കുള്ള സ്ഥാനക്കയറ്റം ,നിയമനം മുതലായവ പരാമർശം (1) ലെ ഉത്തരവിലെ വ്യവസ്ഥകൾക്ക് അനുസൃതമായാണ് നടന്നു വരുന്നത് .ആൾ ഇന്ത്യ സർവീസ് /സിവിൽ സർവീസ് ഓഫീസേഴ്സ് വകുപ്പ് മേധാവികളല്ലാത്ത ആരോഗ്യ/സാങ്കേതിക വകുപ്പുകളിൽ വകുപ്പ് മേധാവികളെ തിരഞ്ഞെടുക്കുന്നത് ചീഫ് സെക്രട്ടറി അധ്യക്ഷനും, ഏറ്റവും സീനിയറായ അഡീഷണൽ ചീഫ് സെക്രട്ടറി, ബന്ധപ്പെട്ട വകുപ്പിന്റെ അഡീഷണൽ ചീഫ് സെക്രട്ടറി / പ്രിൻസിപ്പൽ സെക്രട്ടറി എന്നിവർ അംഗങ്ങളായ ഒരു സ്ക്രീനിംഗ് കമ്മിറ്റി മുഖേന ആയിരിക്കണമെന്ന് നിഷ്കർഷിച്ച് പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിനാൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ തസ്തികയിലെ നിയമനവും പരാമർശം (2) ഉത്തരവിൽ നിഷ്കർഷിച്ച പ്രകാരം സ്ക്രീനിംഗ് കമ്മിറ്റി രൂപീകരിച്ച് നടത്തുന്നത് വകുപ്പിന്റെ കാര്യക്ഷമത ഉയർത്തുന്നതിന് സഹായകരമാകുമെന്ന് സർക്കാർ കരുതുന്നു.

2) ഈ സാഹചര്യത്തിൽ നിലവിലെ ഡയറക്ടർ വിരമിക്കുന്നത് മൂലം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ഡയറക്ടർ തസ്തികയിൽ 01/05/2025 മുതൽ ഉണ്ടാകുന്ന ഒഴിവിലേക്കുള്ള നിയമന നടപടികൾക്കായി താഴെപ്പറയും പ്രകാരം സ്ക്രീനിംഗ് കമ്മിറ്റി രൂപീകരിച്ച് സർക്കാർ ഉത്തരവാകുന്നു.

ചീഫ് സെക്രട്ടറി- ചെയർപേഴ്സൺ

അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്- മെമ്പർ

അഡീഷണൽ ചീഫ് സെക്രട്ടറി, ആരോഗ്യ കുടുംബ ക്ഷേമ വകുപ്പ്- മെമ്പർ

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ജനാർദ്ദനൻ കെ

അഡിഷണൽ സെക്രട്ടറി

മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ഓഡിറ്റ്) കേരളം, തിരുവനന്തപുരം

പൊതു ഭരണ (എസ് സി) വകുപ്പ്

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്

ധനകാര്യ വകുപ്പ്

വെബ് & ന്യൂ മീഡിയ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്, ഗവണ്മെന്റ് സെക്രട്ടറിയറ്റ്

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (എസ് 1 / 8 /2025/ആ.കു.വ )

ഉത്തരവിൻ പ്രകാരം

Signed by
T Muraleedharan Chettiyar
സെക്ഷൻ ഓഫീസർ
Date: 08-04-2025 14:58:38

പകർപ്പ്:

ആരോഗ്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

ചീഫ് സെക്രട്ടറിയുടെ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടിക്ക്

ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി എ ക്ക്

ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക്